# മന്ത്രിസഭാ തീരുമാനങ്ങൾ

## (11.11.2009)

- സെക്രട്ടേറിയറ്റിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങളുടെ സൗകര്യാർത്ഥം സെക്രട്ടേറിയറ്റിൽ സന്ദർശക സഹായ കേന്ദ്രം ആരംഭിക്കുവാൻ തീരുമാനിച്ചു. ഈ കേന്ദ്രങ്ങളിൽ ഫയലുകളുടെ തൽസ്ഥിതി അറിയുവാനുള്ള കിയോസ്കുകളും പെറ്റീഷനുകൾ നേരിട്ട് സമർപ്പിക്കുവാനുള്ള സംവിധാനവും ഉണ്ടായിരിക്കും. സഹായകേന്ദ്രത്തിന്റെ ഉദ്ഘാടനം നവംബർ 19 ന് നടത്തും. ഇതിനായി പതിനേഴ് തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചു.
- കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിൽ വ്യവസായപരിശീലനകേന്ദ്രം ആരംഭിക്കുവാൻ തീരുമാനിച്ചു. സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എഡ്യൂക്കേഷൻ കേരളയുടെ കീഴിൽ പൊന്നാനിയിൽ ഒരു വിദ്യാഭ്യാസസ്ഥാപനം തുടങ്ങുന്നതിന് ഭരണാനുമതി നൽകാൻ തീരുമാനിച്ചു.
- സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവവിഭാഗങ്ങളുടെ ഇരുപത്തിയയ്യായിരം രൂപവരെയുള്ള കടം എഴുതിത്തള്ളുവാനുള്ള പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചു.
- ഇടുക്കി ജില്ലയിൽ മറ്റു ജില്ലയിലേതുപോലെ പഞ്ചായത്തുകൾ നൽകിവരുന്ന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി, വാട്ടർ കണക്ഷൻ നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു.
- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഓംബുഡ്സ്മാൻ രൂപീകരിക്കുവാൻ തീരുമാനിച്ചു.
- എറണാകുളം ജില്ലയിലെ മുളവുകാട് റോഡ് വികസനപദ്ധതിക്കായി 860 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ജിഡായുടെ ശുപാർശകൾക്ക് അംഗീകാരം നൽകി. ഭൂമി വിട്ടുതരുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ജിഡയ്ക്ക് അംഗീകാരം നൽകി. റോഡിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിന് ജിഡയ്ക്ക് നിർദ്ദേശം നൽകി.
- മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷന്റെ മൊറട്ടോറിയം കാലാവധി നവംബർ 1 മുതൽ 6 മാസക്കാലത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചു.
- പറമ്പിക്കുളം ആളിയാർ കരാറിന്റെ ഭാഗമായി കേരളത്തിന് ജലം നൽകുന്ന മൂലത്തറ റഗുലേറ്ററിന്റെ തകർച്ചയും തുടർന്നുള്ള ദുരന്തവും ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. ഇതുസംബന്ധിച്ച് പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ നാലംഗ വിദഗ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്കയും ഉത്കണ്ഠയും തമിഴ്നാട് ഗവൺമെന്റിനെ അറിയിക്കുവാൻ തീരുമാനിച്ചു.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പുനഃനിർണ്ണയം താഴെപറയുന്നപ്രകാരം തീരുമാനിച്ചു. താഴെപറയുന്ന ഗ്രാമപഞ്ചായത്തുകളുടെ നഗരസ്വഭാവം പരിഗണിച്ച് മുൻസിപ്പാലിറ്റി ആക്കുവാൻ തീരുമാനിച്ചു. 1. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, 2. എറണാകുളം ജില്ലയിലെ തൃക്കാക്കര, ഏലൂർ, മരട്, 3. മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ, നിലമ്പൂർ, 4. കാസർകോഡ് ജില്ലയിലെ നീലേശ്വരം. നിലവിലുള്ള മുൻസിപ്പാലിറ്റികളോട് കൂട്ടിച്ചേർക്കുന്ന പഞ്ചായത്തുകൾ: കോട്ടയം മുൻസിപ്പാലിറ്റിയോട് നാട്ടകം കുമാരന

ല്ലൂർ, തൃപ്പൂണിത്തുറ മുൻസിപ്പാലിറ്റിയോട് തിരുവാങ്കുളം. ഗുരുവായൂർ മുൻസിപ്പാലിറ്റിയോട് പൂക്കോട്, തൈക്കാട്. ഇരിങ്ങാലിക്കുട മുൻസിപ്പാലിറ്റിയോട് പൊറത്തിശ്ശേരി. കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റിയോട് മേത്തല. തിരുവനന്തപുരം കോർപ്പറേഷനിൽ ശ്രീകാര്യം, വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, വിഴിഞ്ഞം, കഴക്കൂട്ടം. കോഴിക്കോട്ട് കോർപ്പറേഷനോട് എലത്തൂർ, ചെറുവണ്ണൂർ, നല്ലളം, ബേപ്പൂർ.

- ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിക്കുവേണ്ടി മുഖ്യമന്ത്രി ചെയർമാനായി സംസ്ഥാന മാർഗ്ഗനിർദ്ദേശക സമിതി രൂപീകരിച്ചു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി, ധനകാര്യമന്ത്രി, സഹകരണവകുപ്പുമന്ത്രി, ഭക്ഷ്യമന്ത്രി, വനം-ഭവനനിർമ്മാണ വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, ഫിഷറീസ് വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, ഗതാഗതവകുപ്പു മന്ത്രി, ദേവസ്വം വകുപ്പുമന്ത്രി, ജലവിഭവ വകുപ്പ്മന്ത്രി, പ്രതിപക്ഷ നേതാവ്, കെ.എം. മാണി എം.എൽ.എ., സി.ടി. അഹമ്മദാലി എം.എൽ.എ., വൈസ് ചെയർമാൻ, പ്ലാനിങ്ങ് ബോർഡ്. ചീഫ് സെക്രട്ടറി, തദ്ദേശഭരണം, ഭവനം, പട്ടികവിഭാഗ വികസനം, ഫിഷറീസ്, റവന്യൂ, വനം എന്നീവകുപ്പുകളുടെ സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായിരിക്കും

✲✲✲✲✲✲